<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പത്താം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3287</u>

<u>29.1.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്</u>

**<u>നഗരസഭകൾക്ക് വിഭവസമാഹരണത്തിന് പദ്ധതി</u>**

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) അടിസ്ഥാന ഭൗതിക സൗകര്യ വികസനത്തിന് പണമില്ലാതെ വികസനപദ്ധതികളിൽ മുരടിപ്പ് അനുഭവിക്കുന്ന നഗരസഭകൾക്ക് വിഭവസമാഹരണത്തിന് ഊന്നൽ നൽകുന്നതിനായി ഏതെങ്കിലും പദ്ധതികൾ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | എ) | ഉണ്ട്. നഗരസഭകളിൽ ഫണ്ട് അപര്യാപ്തമായതിനാൽ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ, സ്വകാര്യമേഖലയിലെ നിക്ഷേപവും സാങ്കേതികവിദ്യകളും, പങ്കാളിത്തവും പ്രയോജനപ്പെടുത്തി നടപ്പാക്കുന്നതിനായി ഒരു നിക്ഷേപ സംഗമം (പാർട്ണർ കേരള) ഫെബ്രുവരി മാസത്തിൽ കൊച്ചിയിൽ നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| ബി) നഗരസഭകളുടെ സ്ഥിരവരുമാനവും ആസ്തിയും വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് അവ സ്വതന്ത്രമായി നടപ്പാക്കുവാൻ നഗരസഭകൾക്ക് അധികാരം നൽകുംവിധം നയങ്ങളിൽ മാറ്റം വരുത്താൻ തയ്യാറാകുമോ? | ബി) | നിലവിൽ സർക്കാർതലത്തിൽ നടപ്പിലാക്കുന്ന പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികളുടെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിച്ചു കൊണ്ടാണ് പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതികൾ തീരുമാനിക്കുന്നതിനുള്ള അധികാരം അതതുനഗരസഭക്കു തന്നെ യായിരിക്കും. |

സെക്ഷൻ ഓഫീസർ